

# ജി.യു.പി സ്കൂൾ താമരശ്ശേരി

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025- 26

📎 മലയാളം 📎 ഗണിതം 📎 പരിസര പഠനം

📎ഇംഗ്ലീഷ് 📎 അറബിക് 📎 സാമൂഹ്യ ശാസ്ത്രം

📎 അടിസ്ഥാന ശാസ്ത്രം📎ഹിന്ദി 📎ഉറുദു

📎സംസ്കൃതം

## ആമുഖം

സമഗ്രഗുണമേന്മാ വിദ്യാഭ്യാസപദ്ധതിയുടെ പ്രധാനമായ ലക്ഷ്യം ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഇതിന്റെ ഭാഗമായി പൊതുവായി കുട്ടികളുടെ സമഗ്രവികസനത്തിനനുഗുണമായ പ്രവർത്തനങ്ങളോടൊപ്പം ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്ത പ്രകാരവും ഏറ്റവും മികവാർന്ന തലത്തിലേക്ക് വികസിപ്പിക്കേണ്ടതുണ്ട്. അതിനുവേണ്ട പ്രധാന ഉപകരണമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. എൽ.പി തലത്തിൽ ഓരോ ക്ലാസിലെയും ഓരോ വിഷയത്തിന്റെയും യുപിതലത്തിൽ വിഷയങ്ങളുടെ അടിസ്ഥാനത്തിലുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെ സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് അഭികാമ്യമായ അവസരങ്ങൾ ഒരുക്കാൻ ഈ മാസ്റ്റർ പ്ലാനിൽ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഈ സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ പദ്ധതിയാണ് ഇതിൽ വിഭാവനം ചെയ്തിരിക്കുന്നത്.

# മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരിക വുമായ നേട്ടങ്ങൾകൂടി കൈവരിക്കാനവശ്യമായ ഇടപെടലുകളുമാണ് ലക്ഷ്യമിടുന്നത്. ഈ വർഷം മെയ്മാസം മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ള തുമായ വിവിധ പദ്ധതികളാണ് നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്നത്.

ലക്ഷ്യങ്ങൾ

1. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക

2. എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവു നേടുമെന്നു ഉറപ്പുവരുത്തുക

3. തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക

4. കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷമതയും ഉറപ്പാക്കുക

പ്രവർത്തനപദ്ധതി

ജൂൺ

ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു

രക്ഷിതാക്കൾക്ക് കഥ പറയൽ പരിശീലനം

ജൂലൈ

ടീച്ചർ പുസ്തകങ്ങൾ(കഥ) ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.

വീട്ടുവായന- രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുന്നു. (ചൂണ്ടിവായന)

കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു.

ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.

കഥശില്പശാല

ചിത്രകാർഡുകൾ, വായനകൾ, നിർമാണ ശില്പശാല

ഡിജിറ്റൽ സാധ്യതകളിലൂന്നി കഥകാണാനും കേൾക്കാനും, പുനരവതരണത്തിനുമുള്ള സാധ്യതകൾ ഒരുക്കൽ

ആഗസ്റ്റ്-

തീയേറ്റർ സാധ്യതകൾ, വായന കേളികൾ എന്നിവയുപയോഗിച്ച്

വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കൽ
കഥയുടെ പുനരവതരണം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും പ്രോപ്പർട്ടികളുടെ സഹായത്തോടെയും അവതരിപ്പിക്കാൻ അവസരം

സെപ്റ്റംബർ
ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു (കുട്ടിയുടെ വാചിക പ്രകടനങ്ങൾ)

ചിത്രങ്ങൾക്ക് സഹായത്തോടെ ലളിതമായ അടിക്കുറിപ്പെഴുതൽ

ചിത്രവായനാക്കാർഡുകൾ തയ്യാറാക്കൽ.

കൂട്ടവായന- കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ച് ചിത്രകഥാവായന നടത്തുന്നു.

ഒക്ടോബർ -
ലളിതമായ വായനക്കാർഡുകൾ സഹായത്തോടെ വായിക്കുന്നു.

വേദികളിൽ സ്വതന്ത്രമായി കഥ പറയൽ

നവംബർ-
ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു. കുട്ടി സഹായത്തോടെ വായിക്കുന്നു.

കുട്ടികൾ നിർമിച്ച കഥകളുടെ പ്രകാശനം

നാട്ടുവായന- കുട്ടികൾ നിർമിച്ച കഥകൾ അവർതന്നെ വായിക്കുന്നത് നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു.

ജനവരി
ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു.

വായനക്കാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു.

ഫെബ്രുവരി-
ചെറിയ ചെറിയ ബാലസാഹിത്യകൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു.

കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു.

മാർച്ച്
ചിത്രകഥാ പുസ്തകങ്ങൾ വായിക്കുന്നു. സചിത്ര പുസ്തകങ്ങൾ വായിക്കുന്നു.

നവ മാധ്യമങ്ങളിൽ പങ്കിടുന്നു ( നാട്ടുവായന) എല്ലാ മാസവും

ഭാഷാ പരിയഡുകളിൽ തത്സമയ നിർമിത കഥകൾ വായിക്കൽ.

ഒന്നാംതരത്തിൽ പ്രവേശിക്കുന്ന കുട്ടികളെ വായിച്ചുകേൾപ്പിക്കുന്നതിനാവശ്യമായ വായനകാർഡു കളുടെ വിതരണം

ക്ലാസ് ലൈബ്രറിയിലെ 20 പുസ്തകങ്ങൾ എങ്കിലും ഓരോ കുട്ടിയും വായിക്കുന്നതിന് അവസരം ഒരുക്കുന്നു.

# ഗണിതം

ആമുഖം

ഒന്നാം ക്ലാസിൽ നിന്ന് തന്നെ ഗണിത പ്രവർത്തനങ്ങൾ രസകരമായി കുട്ടി നേടിയെടുക്കേണ്ടതായുണ്ട്. ഗണിത പ്രവർത്തനങ്ങൾ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണല്ലോ. ഭാഷയിലും, ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിൽ അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിൻതള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കേണ്ടത് നമുക്കാവശ്യമാണ്. ജീവിതത്തിൽ ഓരോവ്യക്തിക്കും ഒഴിച്ച കൂടാനാവാത്തതാണ് ഗണിത പ്രവർത്തനങ്ങൾ, ഗണിതം ഇല്ലാതെ ജീവിതത്തിൽ ഒന്നുമില്ല എന്ന തന്നെപറയാം. ഗണിതം പാട്ടിലൂടെയും കളികളിലൂടെയും ആസ്വാദ്യകരമാക്കാവു ന്നതാണ്. പല തരത്തിൽ ഗണിതാശയങ്ങൾ നേടിയെടുക്കാൻ സാധ്യമാകുന്ന തരത്തിൽ തന്നെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്.

ലക്ഷ്യങ്ങൾ

* 1 മുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറി യുന്നു. എഴുതുന്നു.

* 5 വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീ കരിക്കുന്നു.

* Five Frame ൽ ഗണിതക്രിയകൾ ചിത്രീ കരിക്കുന്നു

* പകുതിയാക്കാൻ പറ്റുന്ന സംഖ്യകളും അല്ലാത്തവയും വസ്തുക്കൾ വെച്ച് കണ്ടെത്തി വിശദീകരിക്കുന്നു.

* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ദശഖരിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.

* 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴു തുകയും വായിക്കുകയും ചെയ്യുന്നു.

* 9 ൽ താഴെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.

* ഒരക്കസംഖ്യകൾ എണ്ണിയെടുക്കാനും എഴു താനും വായിക്കാനും കഴിയുന്നു.

* അവരോഹണ, ആരോഹണക്രമത്തി ലാക്കൽ.

* രണ്ട് ഒരക്കസംഖ്യകളുടെ സങ്കലനം

* രണ്ട് ഒറ്റ സംഖ്യകളുടെ വ്യവകലനം

* ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം

* ഒരക്കസംഖ്യാ പാറ്റേൺ രൂപികരിക്കൽ

* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന (1-20) ലളിതമായഗണിത പ്രശ്ങ്ങളിൽ നിർദ്ധാരണം ചെയ്യുന്ന തിനുള്ള കഴിവ് നേടുക.

പ്രവർത്തനപദ്ധതി

സ്ഥലപരമായ അവസ്ഥയെ സൂചിപ്പിക്കാൻ കഴിയുന്നു.അകത്ത്/പുറത്ത്/മുകളിൽ/താഴെ എന്നീ പദങ്ങൾ പരിചയപ്പെടുന്നു. സ്ഥാനപരമായ അവസ്ഥയെ സൂചിപ്പിക്കാൻ - അടുത്ത്/ അകലെ/മുന്നിൽ/ പിന്നിൽ / വലത്ത്/ഇടത്ത് എന്നീപദങ്ങൾ ഉപയോഗിച്ച് എഴുതാൻ ഉതകുന്ന പ്രവർത്തനങ്ങൾ.

**Class- 1 English**

Aim : - To Listen, Speak, Read, & write English without any mistakes.
Time - June to march

**June and July**

- To develop listening skills & reading skills

Listening skills
1-Games, Action songs, Hello English activities
2 - Gives opportunities to watch conversations, skits, stories Using ICT.
3. Assess whether they are able to respond to teacher's instructions using simple words and phrases in English/ follow the simple instructions.
Speaking skills
1-Identify the naming words from the picture.
2-Identify the action words from the same pictures.
3-Describe in simple sentences using the action words and naming words about the picture.
3. Just a Minute.
4- Growing sentences , picture reading, self introduction

ACTIVITIES

- speech, quiz, riddles, self introduction. School radio etc

**August and September**

- Develop the creative Reading and writing

Reading skills
1-News paper reading, library books reading, reading breaking news, 4- Rhyming words,
5-Describing words etc
6-Textbook activities
7. Word of the day.

Writing skills
1-Make word web & Make Words from letter cards.
2- Picture description with describing words,
3- Word chain
4-Make words & sentences
5 - Add more lines.

ACTIVITIES - Speech, quiz, riddles, self introduction. School radio ,makes simple description, magazines , etc

**October and November**

- To express thoughts, feelings etc

Reading skill
1-News paper reading, library books reading,
2 - Conversations, skit , stories use ICT materials
3-Reads breaking news,
4-Develop story,
5-Read notice

Writing skills
1- Simple Description ,
2- Growing sentences
ACTIVITIES - speech, quiz, riddles, skits etc

**December and January**

- Develop creative speaking and writing 2-To express thoughts and feelings etc.

Reading skill
1-News paper reading, library books reading
2 - Read simple conversation and stories using Proper tone, stress and rhythm.
3-Reads breaking news,
4-- Develop a story from given hints.
5- Reads diary
6- Read letters from friends.
Writing Skills
Picture description in simple words and phrases
ACTIVITIES - Speech, riddles,.
Makes wall magazines, Simple role play-imitating text book stories or narrative.
February and march
To improve the ability to face the audience using simple spoken English.

Reading skill
1-News paper reading, library books reading.
2 - Reading simple conversations, skit, and stories.
3-Reads breaking news.
4- Develop a story using simple words or phrases.

Writing skills
1- Sign boards
2-Simple description
3 - Posters
ACTIVITIES:-
-> Combine English Club Activities with the classroom activities. > Word of the Day.
-> English assembly.
-> Thought of the day.
-> Making sign boards.
-> Collage Making
-> English Fest

| CLASS 1 ARABIC | | |
|---|---|---|
| പഠനേട്ടങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
| ചെറിയ വിവരണങ്ങൾ<br><br>വായിക്കാൻ കഴിവ് നേടുക<br><br>വിവിധ അക്ഷരങ്ങളുടെ ഹർകത്തുകൾ മനസ്സിലാക്കി എഴുതുന്നു ചിത്രങ്ങൾക്ക് യോജിച്ച പേരുകൾ പറയുന്നു<br><br>സന്ദർഭോചിതം ചെറിയ സംഭാഷണങ്ങൾ പറയുന്നു<br><br>ചെറു വിവരണങ്ങൾ കളറുകളുടെ പേരുകൾ ഉപയോഗിച്ച് പൂർത്തിയാക്കുന്നു | സചിത്ര നോട്ടുബുക്ക് നിർമ്മാണം ചിത്ര വായന ചിത്രങ്ങളുടെ സഹായത്തോടെ ലഘു വിവരണങ്ങൾ വായിക്കുകയും തയ്യാറാക്കുകയും ചെയ്യുന്ന ചിത്രങ്ങൾ കട്ടൗട്ടുകൾ എന്നിവ ശേഖരിക്കുന്നതിന് വേണ്ടി രക്ഷിതാക്കൾക്ക് ശില്പശാല നടത്തുന്നു<br><br>അറബിയിൽ അക്ഷരരൂപങ്ങൾ വേർതിരിച്ച് മനസ്സിലാക്കുന്നു അതിനുവേണ്ടി അക്ഷരങ്ങളുടെ കട്ടിങ്ങുകൾ തയ്യാറാക്കുന്നു. അക്ഷരക്കട്ടിങ്ങുകൾ കുട്ടികൾക്ക് നൽകി അത് വെച്ച് അധ്യാപകൻ പറയുന്ന വാക്കുകൾ കുട്ടികൾ നിർമിക്കുന്നു. ഗ്രൂപ്പുകളിലൂടെ ഒരു ലാംഗ്വേജ് ഗൈ ആയി ഇത് നൽകാം.<br><br>വ്യത്യസ്ത സന്ദർഭങ്ങളിൽ സംഭാഷണങ്ങൾ പ്ലേ ചെയ്യുന്നു<br><br>ഔട്ട് ലൈൻ ചിത്രങ്ങൾ നൽകി യോജിച്ച കളറുകൾ നൽകി സചിത്രനോട്ട് ബുക്കിൽ ഒട്ടിക്കുന്നു. അതിൻറെ വിവരണങ്ങൾ തയ്യാറാക്കുന്നു | ജൂൺ - ആഗസ്റ്റ്<br><br>ജൂലൈ -സപ്റ്റംബർ<br><br>ഒക്ടോബർ- ഡിസംബർ<br><br>ജനുവരി-മാർച്ച് |

# STD 2

മലയാളം

പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർദത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* രണ്ടാം ക്ലാസിലെ എല്ലാകുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക.
* എല്ലാകുട്ടികളെയും ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
* വർഷവസാനം സ്വതന്ത്രമായ ലേഖനത്തിലേർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* ആശയം, ഈണം/ താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

മുന്നൊരുക്കം

* പ്രീ-ടെസ്റ്റ് നടത്തുന്നു.
* കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമി-തികൾ എന്നിവ കണ്ടെത്തി കുട്ടിക്ക് ആവശ്യമായ പിന്തുണ ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

ജൂൺ

* ചിത്രക്കാർഡുകൾ നൽകൽ
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
* വായനാസാമഗ്രികൾ നിർമ്മിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

ജൂലൈ
* ആ ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
*സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ പ്രദർശനം നടത്തൽ
* എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തൽ

ആഗസ്റ്റ്
* ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
* വീടുകളിൽ ലൈബ്രറി ഒരുക്കൽ *ചിത്രവിവരണം
* ഭാഷ വികാസ മേഖലയിൽ എത്തിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

സെപ്റ്റംബർ
* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൻ
* വായിച്ച കഥയിൽ നിന്ന് ചിത്രങ്ങൾ ഒരുക്കൽ
* വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കാൻ
* വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം നടത്തൽ, പാട്ടരങ്ങ്, പ്രകൃതി നടത്തം, യാത്രാവിവരണം ഭാഷണം, ലേഖനം അവസരമൊരുക്കൻ

ഒക്ടോബർ
* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരി-പ്പിക്കുന്നതിനുള്ള അവസരമൊരുക്കൽ
*വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.
*ആന- ആൽബം തയ്യാറാക്കുന്നതിന് അവസരം ഒരുക്കൽ

* ആന- വായന കാർഡുകൾ ഒരുക്കുന്നു.

വലിയ ആന
കറുത്ത വലിയ ആന

നവംബർ

*കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.
* എന്റെ വളരുന്ന പുസ്തകം" തയ്യാറാക്കുന്നു.

ഡിസംബർ
*ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
*ലേഖന പ്രവർത്തനങ്ങളിൽ മാഗസിനുകൾ തയ്യാറാക്കാൻ ഏർപ്പെട് വ്യക്തിഗത അവസരം ഒരുക്കുന്നു.

ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതി-നുമുള്ള അവസരം ഒരുക്കൽ
* ലഘുവിവരണങ്ങൾ, പ്രത്യേകതകൾ എഴുന്നതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ
* അറിയിപ്പുകൾ, ചെറിയ പോസ്റ്റുകൾ തയാറാക്കുന്നതിന് അവസരം ഒരുക്കാൽ.

ഫെബ്രുവരി

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പുവരുത്തൽ (ഭാഷണം, ലേഖനം)
* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ
*എല്ലാ തലങ്ങളിലും കുട്ടിയെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഉറപ്പാക്കൽ
* വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ
* മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കയ്യെഴുത്ത് മാസിക തയ്യാറാക്കൽ

**STD 2.** ഗണിതം

ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

🍁പ്രവർത്തന ലക്ഷ്യങ്ങൾ

🌻 രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
🌻സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
🌻 ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
🌻 ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)
🌻 ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
🌻 പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

മുന്നൊരുക്കം

🌻ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.
പ്രവർത്തന ലക്ഷ്യം
🌻 പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ
🌻1, 2, 3, 4 ......
1,3,5,7....
10,20,30,40,....
5,10,15,20....
2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
🌻 ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

ജൂലൈ

🌻 ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
🌻 ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
🌻 പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ
(5+5 = 10, 10+10= 20)

ആഗസ്റ്റ്
🌻 വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
🌻 സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
99 നോട് 1 കൂട്ടിയാൽ 100
10 പത്തുകൾ ചേർന്നാൽ 100 ആകും
100 ഒന്നുകൾ ചേർന്നതാണ് 100
🌻 ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

സെപ്റ്റംബർ

🌻 ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
🌻 വിലവിവരപട്ടിക തയ്യാറാക്കൽ
🌻 ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ
ഉറപ്പിക്കുന്നു.

ഒക്ടോബർ

🌻 രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു
🌻 സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
🌻 സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)
5...10.... 15.... 20... 25
(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

നവംബർ
🌻 സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
🌻 പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
🌻 "ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
🌻 നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ
10 രൂപ +5 രൂപ = 15 രൂപ
നോട്ട് നാണയം

ഡിസംബർ

🌻 സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
🌻 സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)
🌻 രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

🌻 വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ
🌻 സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

🌻 ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
🌻 ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

മാർച്ച്
🌻 കലണ്ടർ പതിപ്പ് തയ്യാറാക്കൽ
🌻 കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
🌻 കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
🌻 കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
🌻 ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

| CLASS 2 - ARABIC | | |
|---|---|---|
| പഠനേട്ടങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
| ചിത്രങ്ങളുടെ സഹായത്തോടെ ലഘുവിവരണങ്ങൾ തയ്യാറാക്കുന്നു. | സചിത്ര നോട്ടുബുക്ക് നിർമ്മാണം ചിത്ര വായന ചിത്രങ്ങളുടെ സഹായത്തോടെ ലഘു വിവരണങ്ങൾ വായിക്കുകയും തയ്യാറാക്കുകയും ചെയ്യുന്ന ചിത്രങ്ങൾ കട്ടൗട്ടുകൾ എന്നിവ ശേഖരിക്കുന്നതിന് വേണ്ടി രക്ഷിതാക്കൾക്ക് ശില്പശാല നടത്തുന്നു. | ജൂൺ - ആഗ്സ്റ്റ് |
| ഉപചാര വാക്കുകൾ ഉൾപ്പെടുത്തി സംഭാഷണങ്ങൾ പൂർത്തിയാക്കുന്നു | വിവിധ സന്ദർഭങ്ങളിൽ ഉപചാരവാക്കുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികൾ റോൾപ്ലേ ആയി സംഭാഷണം ചെയ്യുന്നു. ഉപചാരവാക്കുകൾ പരിചയപ്പെടുന്നതിന് വേണ്ടി ചാർട്ടുകളിൽ എഴുതിയും ഉപചാരവാക്കുകളുടെ കട്ടിങ്ങുകൾ നൽകി അവക്രമപ്പെടുകയും | |
| പൂക്കൾ അവയുടെ നിറങ്ങൾ എന്നിവ പരിചയപ്പെടുന്നു. | സചിത്ര പുസ്തകം രൂപപ്പെടുത്തുന്നതിന് വേണ്ടി കുട്ടികൾക്ക് വിവിധ ചിത്രങ്ങൾ കളറുകൾ എന്നിവ നൽകി ചിത്രങ്ങൾക്ക് യോജിച്ച കളറുകൾ തിരിച്ചറിഞ്ഞ് അവയുടെ അറബി പേരുകൾ മനസ്സിലാക്കുന്നു കുട്ടികൾ എ ഫോർ പേപ്പറിൽ അധ്യാപകൻ പറയുന്ന ചിത്രങ്ങൾ വരക്കുന്നു യോജിച്ച കളറുകൾ കൊടുത്ത് അവയുടെ പേരുകൾ എഴുതുന്നു | ജൂൺ - ഡിസംബർ |
| അറബി ഭാഷയിലെ എഴുത്ത് രൂപങ്ങൾ പരിചയപ്പെടുന്നു. | കൂട്ടിയെഴുതുന്ന സമയം വ്യത്യാസപ്പെടുന്ന അറബി അക്ഷരങ്ങൾ തുടക്കം മദ്യം അവസാനം മൂന്ന് വ്യത്യസ്ത രൂപങ്ങളും പരിചയപ്പെടാൻ വേണ്ടി അവ ഉൾക്കൊള്ളുന്ന പദങ്ങൾ ചാർട്ട് ചെയ്യുന്നു. പാഠഭാഗങ്ങളിൽ നിന്നും നൽകപ്പെടുന്ന വിവരണ പേരഗ്രാഫിൽ നിന്നും അക്ഷരങ്ങളെ വേർതിരിച്ച് മനസ്സിലാക്കുന്നു. | ആഗസ്റ്റ് - ഒക്ടോബർ |

| | | |
|---|---|---|
| വിവിധ ചിത്രങ്ങൾക്ക് അടിക്കുറിപ്പുകൾ എഴുതുന്നു. | ചിത്രങ്ങൾ കട്ടിങ്ങുകൾ എന്നിവ ഉപയോഗിച്ച് യോജിച്ച അടിക്കുറിപ്പുകൾ തയ്യാറാക്കുന്നു<br><br>فوق ، تحت على | നവംബർ - ജനുവരി |
| പക്ഷികൾ മൃഗങ്ങൾ എന്നിവയെ കുറിച്ച് ലഘു കവിതകൾ തയ്യാറാക്കുന്നു. | വിവിധ പക്ഷികൾ മൃഗങ്ങൾ ഇവയെക്കുറിച്ചുള്ള കവിതകൾ വായിക്കാനും പാടാനും സന്ദർഭം ഒരുക്കുന്നു പിന്നീട് സ്വതന്ത്ര രചന അവസരം നൽകുന്നു | ഡിസംബർ |
| കുടുംബത്തിലെ അംഗങ്ങ ളുടെ പേരുകൾ പരിചയപ്പെടുന്നു | കുടുംബത്തിലെ അംഗങ്ങളുടെ ചിത്രങ്ങൾ വിതരണം ചെയ്യുന്നു അതിനെ യോജിച്ച പേരുകൾ എഴുതുന്നു. ശേഷം അവ ഉപയോഗിച്ച് ചെറു വിവരണങ്ങൾ തയ്യാറാക്കുന്നു | ജനുവരി |
| | | മാർച്ച് |

## STD 3

### മലയാളം

ലക്ഷ്യങ്ങൾ:-

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും,

സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.

കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.

രചനകൾ ഭവാത്മകമായി വായിക്കും.

ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻ പാട്ട്, കടങ്കഥ, പഴഞ്ചൊല്ല്...മുതലായവ ) ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.

ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)

കഥകളെയും കവിതകളേയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.

ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും (വിവരണം, സംഭാഷണം)

ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ:-

ജൂൺ - ജൂലായ്

1. കനകച്ചിലങ്ക

നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)

പഴഞ്ചൊല്ലുകൾ ശേഖരണം

കഥാശേഖരം -ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)

നാടൻ പാട്ടിലെയും കവിതയിലയും താളം (കവിത ചൊല്ലൽ ശില്പശാല)

കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)

കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥപ്പയറ്റ്

കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം - അഭിമുഖസംഭാഷണം

കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം - ആൽബം

പാവ നാടകത്തെ അടുത്തറിയാം - ശില്പശാല
ആഗസ്റ്റ്, സെപ്റ്റംബർ

2. പലഹാരപ്പൊതി

കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ

ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ

നാടക ശില്പശാല

റോൾപ്ലേ അവതരണങ്ങൾ

ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം

പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ

കത്തുകൾ മാതൃകകൾ

ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം

സ്കൂൾ പത്രം

വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ

സി പി ടി എ ഒന്നാം മികവുത്സവം

നാടോടിക്കഥകളുടെ അവതരണം

നാടൻ പാട്ടുകളുടെ അവതരണം

പാവനാടകം അവതരണം,

ഒക്ടോബർ

3. മനുഷ്യന്റെ കൈകൾ

കൃഷിയിടം സന്ദർശനം

കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ അവതരണം

കുട്ടിക്കളികൾ: കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്

നാടൻ പാട്ട് ശില്പശാല

**STD 3** ഗണിതം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തന ങ്ങളായും കണ്ണി ചേർത്തുകൊണ്ടാണ് ഗണിതപഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസ്സിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിശകലനാത്മക രൂപപ്പെടുന്നതിന് പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തി ചിന്ത, ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ ജ്യാമിതി സഹായകരമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്. സ്ഥലപര പരവും ദിശാ പരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പ്രധാന പങ്കുവഹിക്കുന്നുണ്ട്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യ ജീവിതത്തിൻറെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസ്സിലെ ഗണിത പഠന ലക്ഷ്യം വെക്കുന്നു.

നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാന വിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മന ഗണിതത്തിനു പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട് .

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെൻറീമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടാപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്. അളവുകൾ ഊഹിച്ച് പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ഗുണന ചിന്ത യോടൊപ്പം ഗണന ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്

ജൂൺ - ജൂലായ്

യൂണിറ്റ് 1 - രൂപങ്ങൾ വരയ്ക്കാം

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ

ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ തോരണം നിർമാണം, തോണി നിർമ്മാണം (കളർ A4) വെജിറ്റബിൾ പ്രിൻറിംഗ്

ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

ജൂലായ് - ആഗസ്റ്റ്

ഓരോ കുട്ടിക്കും കണക്കുപെട്ടി, ഗണിത ശിൽപ്പശാല നിർമ്മിക്കേണ്ടത്.

1 മുതൽ 100 വരെ എഴുതിയ ടോക്കൺ കളിനോട്ടുകൾ ഓരോ നോട്ടുകളും 10 എണ്ണം വീതം കമ്പ് കെട്ടുകൾ സംഖ്യാ സ്ലിപ്പുകൾ അബാക്കസ് നിർമ്മാണം.

ആഗസ്റ്റ് - സെപ്റ്റംബർ
പ്രയോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം

ഒക്ടോബർ

സ്കേയിൽ നിർമ്മാണം കുട്ടികളുടെ ഉയരം, വണ്ണം, ഇക്കം, ക്യാമ്പ്

നവംബർ - ഡിസംബർ
ഉണ്ണന വസ്തുത കാർഡ് നിർമ്മാണം

**STD 3** പരിസരപഠനം

*ജൂൺ :- ചെടികളെ നിരീക്ഷിക്കൽ

പ്രകൃതി നടത്തം വിത്ത് മുളപ്പിക്കൽ വ്യത്യസ്തതരം സസ്യങ്ങൾ പൂക്കൾ എന്നിവയെ തിരിച്ചറിയുന്ന പരിസ്ഥിതി ദിനാചരണം ഹരിത കാർഡ് നിർമ്മാണം

ജൂലൈ :- വ്യത്യസ്ത തരം ജീവികളെ നിരീക്ഷിക്കലും ചിത്രശേഖരണവും. മണ്ണ് നിരീക്ഷണം ജൈവവൈവിധ്യോദ്യാനം നിർമ്മാണം ശലഭങ്ങൾ വരുന്ന ചെടികൾ നിരീക്ഷിക്കൽ സ്കൂൾ ഹെൽത്ത് ക്ലബ് പ്രവർത്തനങ്ങൾ

ഓഗസ്റ്റ്:- മഴ മാപിനി നിർമ്മാണം ജലസംരക്ഷണ പോസ്റ്റർ കിണർ സന്ദർശനം മണ്ണ് നിരീക്ഷണം മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ.

വ്യത്യസ്ത പരീക്ഷണങ്ങൾ

സെപ്റ്റംബർ: ശുചിത്വ പോസ്റ്റർ നിർമ്മാണം

സ്കൂൾ ശുചിത്വ ക്ലബ്ബ് പ്രവർത്തനങ്ങൾ ആരോഗ്യ ബോധവൽക്കരണ സെമിനാർ

ഇന്റർവ്യൂ:- ആരോഗ്യപ്രവർത്തകർ

ഒക്ടോബർ:- പഴം/ പച്ചക്കറിക്കട

ഫുഡ് ഫെസ്റ്റിവൽ എന്റെ ആരോഗ്യ കാർഡ് ഓരോ കുട്ടിക്കും ബിഎംഐ കാർഡ് സ്കൂൾ പച്ചക്കറി തോട്ടം ഒരുക്കൽ ശരിയായ ഭക്ഷണശീലം ചാർട്ട്
നവംബർ:= ആരോഗ്യ വിദഗ്ധരുടെ ക്ലാസ് റോൾപ്ലേ-- റോഡ് നിയമങ്ങൾ ഫസ്റ്റ് എയ്ഡ് കിറ്റ് തയ്യാറാക്കൽ അപകടങ്ങൾ പത്ര കട്ടിംഗ്സ്

ബോധവൽക്കരണ ക്ലാസ്

ഡിസംബർ:- പരീക്ഷണനിരീക്ഷണങ്ങൾ

ഗ്ലോബ്,ഐസിടി ഗ്ലോബ് നിർമ്മാണം ദേശീയ പതാക മരയ്ക്കൽ ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ എന്റെ കേരളം ചിത്രരചന ചോദ്യോത്തര പയറ്റ് ഭൂപ്രകൃതി തിരിച്ചറിയൽ നിർമ്മാണ ഇടം സന്ദർശനം സർവ്വേ

ജനവരി:- ജീവികളുടെ കൂടുകൾ ചിത്രശേഖരണം

വ്യത്യസ്ത തരം വീടുകൾ അറിയൽ

ഫെബ്രുവരി:- വ്യത്യസ്തരം ജോലികൾ ജോലി സ്ഥാപനങ്ങൾ സന്ദർശനം

മാർച്ച്:- പഠനോത്സവം

**English**

AIM-

To speak, Read & write English without any mistakes
Time:- June to March.

- To check the vocabulary and writing skills of pupils.

Activities

**June and July**
Pre test
- To develop listening skills and reading skills.

Listening skills:
Games, Action songs.
Hello English Activities
conversations
skit stories
use ICT
speaking skills:-
Identify the naming words from the picture
Identify the action words from the picture.
Make the simple sentences using the word about picture
Make simple description about the picture
Growing sentences, picture reading, self introductions

**August and september**
- Develop the creative speaking and writing

Reading skills

Books reading
Find words
Collect and read past tense
Rhyming words
TB Activities

Writing Skills
make word web
picture description
Word chain
Make words & Sentences
Make riddles, conversations
Add more lines.

**October and November**
-To express thoughts, feelings etc....
Reading skills
Library book reading
Conversations, skit, Stories, use ICTRead notice
Develop story

Writing Skills
Description
Thoughts

**December and January**.
- Develop creative speaking and writing.

Reading skills
Library books reading
Conversations ,skit Stories use ICT

Develop story
Reads dairy

Writing Skills
Dairy
Announcement

**February and march**

- To improve the presentation power.

Reading Skills
Library books reading
Conversations, skit Stories
Develop a story.

Writing Skills:
Dairy
Descriptions
Thoughts & Exhibition

| CLASS 3 - ARABIC | | |
|---|---|---|
| പഠനേട്ടങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
| വ്യത്യസ്ത ആഘോഷങ്ങളുടെ ആശംസ കാർഡുകൾ തയ്യാറാക്കുന്നു<br><br>വസ്തുങ്ങളുടെ പേരുകൾ ഉപയോഗിച്ച് ലഘു വിവരണങ്ങൾ തയ്യാറാക്കുന്നു<br><br>ആശ്ചര്യ വാക്കുകൾ<br><br>أدوات الإستفهام<br><br>ഉപയോഗിച്ച് ലഘുസംഭാഷണങ്ങൾ തയ്യാറാക്കൽ<br><br>വാഹനങ്ങൾ അവളുടെ സഞ്ചാര പാതകൾ മനസ്സിലാക്കി ലഘു വിവരണങ്ങൾ തയ്യാറാക്കൽ<br><br>ഭക്ഷണ മര്യാദകൾ ഉൾക്കൊള്ളിച്ചുള്ള ചെറുകവിതകൾ രചിക്കൽ<br><br>ജീവികൾ, പക്ഷികൾ ഇവയെകുറിച്ച് ആത്മക്കുറിപ്പ് | വിവിധ ആഘോഷങ്ങളുടെ കാർഡുകൾ പ്രദർശിപ്പിക്കൽ .സചിത്ര പുസ്തകത്തിൽ ആശംസ കാർഡുകൾ അവയുടെ വാചകങ്ങൾ എഴുതൽ ഉദാ<br><br>تهاني أوتم ، اونم سعيد<br><br>വിവിധ വസ്തുങ്ങൾ വെട്ടിയെടുത്തും ഒട്ടിച്ചും അവയുടെ പേരുകൾ മനസ്സിലാക്കുകയും ആണ് പെൺ വസ്തും പരിചയപ്പെടുന്നതോടൊപ്പം ലഘു വിവരണങ്ങൾ തയ്യാറാക്കുന്നു<br><br>يلبس ، تلبس<br><br>കടൽത്തീരത്തേക്ക് പോകുന്ന ഹാഷിറും കുടുംബവും തമ്മിലുള്ള സംഭാഷണവാക്കുകൾ പരിചയപ്പെടൽ<br><br>أَيْنَ ، مَاذَا ، مَتَى<br><br>വിവിധ വാഹനങ്ങളുടെ ചിത്രങ്ങൾ, സഞ്ചാര പാതകൾ എന്നിവ കുട്ടികൾക്ക് നൽകുന്നു സൂചിത്ര പുസ്തകത്തിൽ അവ ഒട്ടിച്ചതിനുശേഷം ലഘു വിവരണങ്ങൾ തയ്യാറാക്കുന്നു<br><br>يسير ، تسير<br><br>ഭക്ഷണ മര്യാദകൾ ഉൾക്കൊള്ളിച്ചുള്ള ചെറുകവിതകൾ രചിക്കൽ | ജൂൺ-ജൂലൈ<br><br>ജൂലൈ<br><br>ജൂലൈ-ആഗസ്ററ്<br><br>സെപ്റ്റംബർ |

| | | |
|---|---|---|
| | പക്ഷികൾ,ജീവികൾ എന്നിവയെ കുറിച്ച് പ്പസ്റ്റാറാക്കൽ | നവംബർ<br><br>മാർച്ച് |

**STD 4**

മലയാളം

ലക്ഷ്യം: നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

1. മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | | | | |
